**അറിയിപ്പ്**

## അംഗങ്ങൾ നൽകുന്ന നോട്ടീസുകളിൽ വ്യക്തതയുണ്ടാകേണ്ടതിന്റെ ആവശ്യകത

മി. സ്പീക്കർ: 2021 നവംബർ 9-ാം തീയതിയിലെ കാര്യവിവരപട്ടികയിൽ രണ്ടാമതായി ചേർത്തിരുന്ന ശ്രദ്ധക്ഷണിക്കൽ നോട്ടീസിന്റെ വിഷയം സംബന്ധിച്ച് ഒരു വ്യക്തത കുറവുണ്ടായതായും അക്കാര്യം പരിശോധിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ചെയർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീ. സനീഷ്കുമാർ ജോസഫ് ഓൺലൈനായി സമർപ്പിച്ച നോട്ടീസ് ഇപ്രകാരമായിരുന്നു. ചാലക്കുടി പുഴയുടെ തീരത്തുള്ള ജനങ്ങൾ പ്രളയഭീതിയിലാണ്. ആറ് ഡാമുകളിൽ അഞ്ചും നിറഞ്ഞിരിക്കുന്ന അവസ്ഥയിലാണ്. ഒരു മഴപെയ്താൽ ഡാമുകൾ തുറന്ന് വിടേണ്ടിവരും. ഇതിൽ നാല് ഡാമുകൾ തമിഴ്നാടിന്റെ നിയന്ത്രണത്തിലാണ്. മുന്നറിയിപ്പില്ലാതെ പറമ്പിക്കുളം ഡാം തുറന്നുവിട്ടതാണ് കഴിഞ്ഞ ദിവസം ചാലക്കുടിയിൽ പ്രളയത്തിന് ഇടയായത്. ദുരന്തനിവാരണ അതോറിറ്റിപോലും ഡാം തുറന്നുവിടുന്ന

കാര്യം അറിഞ്ഞില്ല. കേരളത്തിലെ പ്രളയ സാഹചര്യത്തിന് അനുസരിച്ച് പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിൽ മാറ്റംവരുത്തണം. 2018-ലെ പ്രളയത്തിൽ ബലക്ഷയം സംഭവിച്ച പെരിങ്ങൽക്കുത്ത് ഡാം ബലപ്പെടുത്തണം. പറമ്പിക്കുളം ഡാമിലെ ജലനിരപ്പ് കുറയ്ക്കണം. അസമയത്ത് മുന്നറിയിപ്പില്ലാതെ വെള്ളം തുറന്നുവിട്ട് ജനങ്ങളെ പരിഭ്രാന്തരാക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതിന്റെ ആവശ്യകത മേൽപ്പറഞ്ഞ നോട്ടീസിൽ അംഗത്തിന്റെ ഊന്നൽ സംബന്ധിച്ച് ആശയ കുഴപ്പമുണ്ടായിട്ടുണ്ട്. അസ്സമയത്ത് മുന്നിറിയിപ്പില്ലാതെ വെള്ളം തുറന്നുവിട്ട് ജനങ്ങളെ പരിഭ്രാന്തരാക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതിന്റെ ആവശ്യകത എന്ന അവസാന വാചകമുണ്ടാക്കിയ ആശയകുഴപ്പമാണ് കാര്യവിവരപ്പട്ടികയിലും അപ്രകാരം ചേർക്കാൻ ഇടവരുത്തിയത്. ഇത് സംബന്ധിച്ച് ഒരുകാര്യം ബഹുമാനപ്പെട്ട അംഗങ്ങളോട് പ്രത്യേകമായി ചെയറിന് സൂചിപ്പിക്കാനുള്ളത്, ചോദ്യങ്ങൾ അടിയന്തരപ്രമേയം, ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ തുടങ്ങിയവ സംബന്ധിച്ച നോട്ടീസുകൾ തയ്യാറാക്കുമ്പോൾ ചട്ടം അനുശാസിക്കുന്ന പ്രകാരം ആയിരിക്കേണ്ടതും

ഒരു പ്രത്യേക വിഷയത്തിന് ഊന്നൽ നൽകുന്നതും വ്യക്തമായും സംക്ഷിപ്തമായും പ്രതിപാദിക്കേണ്ടതുമാണ്. ലെജിസ്ലേച്ചർ സെക്രട്ടറിയേറ്റും ഇക്കാര്യം കൂടുതൽ അവധാനതയോടെ പരിശോധിക്കേണ്ടതാണ്. അപ്രകാരം നോട്ടീസുകൾ നൽകുന്നതും പരിശോധിച്ച് ചേർക്കുന്നതും സഭയുടെ സുഗമമായുള്ള പ്രവർത്തനത്തിന് കൂടുതൽ സഹായകരമായിരിക്കും എന്നാണ് ചെയറിന് നിരീക്ഷിക്കാനുള്ളത്.